# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

**ജൂൺ 28**

**JUNE 28**

**2018**

*1193 മിഥുനം 14 വ്യാഴം*

# പത്രക്കുറിപ്പ്

www.prd.kerala.gov.in, diopta1@gmail.com ഫോൺ : 0468-2222657

**കംപ്യൂട്ടർ കോഴ്സുകൾ**

അടൂർ കെൽട്രോൺ നോളജ് സെന്ററിൽ ഡിപ്ലോമ ഇൻ കംപ്യൂട്ടർ ഹാർഡ്വെയർ ആൻഡ് നെറ്റ്വർക്ക് മെയിന്റനൻസ് വിത്ത് ലാപ്ടോപ്പ് ടെക്നോളജീസ്, അഡ്വാൻസ്ഡ് വെബ് ഡിസൈൻ എന്നീ കോഴ്സുകൾക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജൂലൈ 10. ഫോൺ: 04734 229998, 9526229998.

(പിഎൻപി 1696/18)

**കർഷക പെൻഷൻ**

പത്തനംതിട്ട കൃഷിഭവനിൽ നിന്നും കർഷക പെൻഷൻ വാങ്ങുന്നവർ ആധാർ, പാസ് ബുക്ക് എന്നിവയുടെ പകർപ്പും വരുമാന സർട്ടിഫിക്കറ്റും ഈ മാസം 30ന് മുമ്പ് നൽകണമെന്ന് കൃഷി ഓഫീസർ അറിയിച്ചു. (പിഎൻപി 1697/18)

**സ്പോട്ട് അഡ്മിഷൻ**

ഐെച്ച്ആർഡിയുടെ കീഴിൽ കാർത്തികപ്പള്ളി കോളേജ് ഓഫ് അപ്ലൈഡ് സയൻസിൽ ബി.സി.എ, ബി.എസ്.സി കംപ്യൂട്ടർ സയൻസ് എന്നീ കോഴ്സുകളിലേക്ക് ഒഴിവുള്ള സീറ്റുകളിൽ സ്പോട്ട് അഡ്മിഷന് അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ കേരള യൂണിവേഴ്സിറ്റിയിൽ രജിസ്റ്റർ ചെയ്തവരായിരിക്കണം. ഫോൺ: 0479 2485370, 2485852, 8547005018. (പിഎൻപി 1698/18)

## മത്സ്യകൃഷി ബോധവത്ക്കരണം

പുതുതായി മത്സ്യകൃഷി ആരംഭിക്കുവാൻ താത്പര്യമുള്ള വ്യക്തികൾക്ക് മത്സ്യ കൃഷിയിലെ സാധ്യതകളെക്കുറിച്ചും നൂതന കൃഷി രീതികളെക്കുറിച്ചും നാളെ (30ന്) രാവിലെ 10ന് പറക്കോട് ബ്ലോക്ക് പഞ്ചായത്ത് ഓഡിറ്റോറിയത്തിൽ ബോധവത്ക്കരണ പരിപാടി നടത്തും. (പിഎൻപി 1699/18)

## മദ്യ - മയക്കുമരുന്ന് ലഹരിക്കെതിരെ ഫുട്ബോൾ ലഹരി കിക്കോഫ്

വനിതാ ശിശുവികസന വകുപ്പ് ജില്ലാ ശിശുസംരക്ഷണ യൂണിറ്റിന്റെ നേതൃത്വത്തിൽ ജില്ലാ ലീഗൽ സർവീസസ് അതോറിറ്റിയുടെയും വിദ്യാഭ്യാസ വകുപ്പിന്റെയും സഹകരണത്തോടെ മദ്യ-മയക്കുമരുന്ന് ലഹരിക്കെതിരെ ഫുട്ബോൾ ലഹരി കിക്കോഫ് സംഘടിപ്പിച്ചു. പത്തനംതിട്ട മർത്തോമ ഹയർ സെക്കൻഡറി സ്കൂളിൽ നടന്ന ചടങ്ങിൽ ഡിവൈഎസ്പി എസ്.റഫീക്ക് പരിപാടി ഉദ്ഘാടനം ചെയ്തു. ചൈൽഡ് വെൽഫെയർ കമ്മിറ്റി ചെയർപേഴ്സൺ സൂസമ്മ മാത്യു അധ്യക്ഷത വഹിച്ചു. ജില്ലാ ശിശുസംരക്ഷണ ഓഫീസർ എ.ഒ.അബീൻ, പ്രിൻസിപ്പൽ എം.ജോസ് പോൾ, ഹെഡ്മാസ്റ്റർ ജോൺസ് വർഗീസ്, ഷാൻ രമേശ് ഗോപൻ, നീതു പ്രസാദ്, ബിനുജോർജ്, എം.ആർ.രഞ്ജിത്ത് തുടങ്ങിയവർ സംസാരിച്ചു. ആയിരത്തിലധികം കുട്ടികൾ കിക്കോഫിൽ അണിചേർന്നു. പോസ്റ്റർ പ്രദ ർശനവും ബോധവത്ക്കരണ ഹ്രസ്വ ചലച്ചിത്രപ്രദർശനവും ലഹരിക്കെതിരെ പ്രതിജ്ഞയും ഗാനാലാപനവും ഇതോടനുബന്ധിച്ച് നടത്തി.

(പിഎൻപി 1700/18)

## പരിശീലനം നൽകാൻ അവസരം

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ/പൊതുമേഖലാ സ്ഥാപനങ്ങൾ നടത്തുന്ന വിവിധ മത്സരപരീക്ഷകൾക്ക് ഭിന്നശേഷിയുള്ളവരെ പ്രാപ്തരാക്കുന്നതിന് പരിശീലനം നൽകുന്നതിന് ജില്ലയിലെ അംഗീകൃത കോച്ചിംഗ് സെന്ററുകൾക്ക് ശുപാർശകൾ നൽകാം. താത്പര്യമുള്ളവർ ജില്ലാ സാമൂഹ്യനീതി ഓഫീസുമായി ജൂലൈ ഏഴിനകം ബന്ധപ്പെടണം. ഫോൺ: 0468 2325168. (പിഎൻപി 1701/18)

## ബോധവത്ക്കരണ ക്ലാസ്

പട്ടികജാതി വികസന വകുപ്പിന്റെ ഇ-ഗ്രാന്റ്സ് മുഖേനയുള്ള പോസ്റ്റ്മെട്രിക് വിദ്യാഭ്യാസ ആനുകൂല്യങ്ങളെ സംബന്ധിച്ച് ജില്ലയിലെ പോസ്റ്റ്മെട്രിക് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ബന്ധപ്പെട്ട ജീവനക്കാർക്ക് അവബോധം നൽകുന്നതിന് ജൂലൈ നാലിന് രാവിലെ 9.30 മുതൽ അഞ്ച് വരെ പത്തനംതിട്ട മുനിസിപ്പൽ ടൗൺഹാളിൽ ബോധവത്ക്കര ണ ക്ലാസ് നടത്തും. പുതിയ സോഫ്റ്റ്വെയറായതിനാൽ എല്ലാ പോസ്റ്റ് മെട്രിക് സ്ഥാപനങ്ങളിലെയും ഇ-ഗ്രാന്റ്സ് കൈകാര്യം ചെയ്യുന്ന ജീവനക്കാർ ക്ലാസിൽ പങ്കെടുക്കണമെന്ന് അസിസ്റ്റന്റ് ജില്ലാ പട്ടികജാതി വികസന ഓഫീസർ അറിയിച്ചു. ഫോൺ: 0468 2322712. (പിഎൻപി 1702/18)

## ശബരിമല തീർഥാടനം:സർക്കാർ വകുപ്പുകൾ ഏകോപിതമായി പ്രവർത്തിക്കണം - ജില്ലാ കളക്ടർ

ഈ വർഷത്തെ ശബരിമല തീർഥാടനം കുറ്റമറ്റരീതിയിൽ നടത്തുന്നതിന് സർക്കാർ വകുപ്പുകൾ കൂടുതൽ ഏകോപനത്തോടെ പ്രവർത്തിക്കണമെന്ന് ജില്ലാ കളക്ടർ പി.ബി.നൂഹ് പറഞ്ഞു. ശബരിമല തീർഥാടന മുന്നൊരുക്കങ്ങളുമായി ബന്ധപ്പെട്ട് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന വിവിധ വകുപ്പ് ഉദ്യോഗസ്ഥരുടെയും സന്നദ്ധ

സംഘടനകളുടെയും യോഗത്തിൽ സംസാരിക്കുകയായിരുന്നു കളക്ടർ. വിവിധ വകുപ്പുകൾ അവരുമായി ബന്ധപ്പെട്ട ജോലികൾ ചെയ്യുന്നുണ്ടെങ്കിലും ഏകോപനത്തിന്റെ കുറവ് മൂലം പല പ്രശ്നങ്ങളും ഉണ്ടാകുന്നുണ്ട്. എല്ലാ ഉദ്യോഗസ്ഥരും തങ്ങൾ ഏതെങ്കിലും വകുപ്പിന് വേണ്ടിയാണ് പ്രവർത്തിക്കുന്നതെന്ന മനോഭാവം മാറ്റി സർക്കാരിനും ജനങ്ങൾക്കും വേണ്ടിയാണ് പ്രവർത്തിക്കുന്നതെന്ന ചിന്താഗതിയിലേക്ക് മാറണം. ശബരിമലയിലും പമ്പയിലുമുള്ള മാലിന്യ സംസ്കരണ പ്ലാന്റുകൾ ശരിയായ രീതിയിൽ പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തുക, ഭക്ഷണ സാധനങ്ങളുമായി ബന്ധപ്പെട്ട് സന്നിധാനത്തും പമ്പയിലും ആവശ്യമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുക, ഗതാഗതസംവിധാനങ്ങൾ കുറ്റമറ്റ രീതിയിൽ ഒരുക്കുക എന്നീ കാര്യങ്ങൾക്കായിരിക്കും ഇത്തവണത്തെ തീർഥാടന കാലയളവിൽ പ്രഥമപരിഗണന നൽകുകയെന്നും കളക്ടർ പറഞ്ഞു.

ശബരിമലയിലെ തിരക്ക് നിയന്ത്രണവും സുരക്ഷാ കാര്യങ്ങളുമാണ് പോലീസിന്റെ ഏറ്റവും പ്രധാനപ്പെട്ട ചുമതലയെന്ന് ജില്ലാ പോലീസ് മേധാവി ടി.നാരായണൻ പറഞ്ഞു. തിരക്ക് നിയന്ത്രണത്തിനായി സമഗ്രമായ ഒരു പദ്ധതി തയാറാക്കി അംഗീകാരത്തിനായി പോലിസ് ആസ്ഥാനത്തേക്ക് നൽകിയിട്ടുണ്ട്. പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകൾക്കായി പ്രത്യേക പദ്ധതികളും തയാറാക്കുന്നുണ്ട്. സന്നിധാനത്തെ വടക്കേനടയിലെ തിരക്ക് നിയന്ത്രിക്കുന്നതിന് പുതിയ സംവിധാനങ്ങൾ പോലീസ് ഒരുക്കും. ഇതിനുള്ള വിശദമായ ശുപാർശ ദേവസ്വംബോർഡ് നൽകിയിട്ടുണ്ട്. ഇത് പോലീസ് ആസ്ഥാനത്തേക്ക് അംഗീകാരത്തിനായി നൽകിയിട്ടുണ്ട്. ശബരിമലയുമായി ബന്ധപ്പെട്ട ജില്ലയിലെ നോഡൽ ഓഫീസറായി ആംഡ് പോലീസ് അസിസ്റ്റന്റ് കമാൻഡന്റ് സുരേഷിനെ നിയമിച്ചിട്ടുള്ളതായും ജില്ലാ പോലീസ് മേധാവി പറഞ്ഞു. തിരക്കുള്ള സമയങ്ങളിൽ സന്നിധാനത്ത് 2000 പോലീസുകാരുടെയും പമ്പയിൽ 1500 പോലീസുകാരുടെയും സേവനം ലഭ്യമാക്കുമെന്നും അദ്ദേഹം പറഞ്ഞു.

ശബരിമല തീർഥാടനവുമായി ബന്ധപ്പെട്ട് വനം വകുപ്പിന്റെ സ്ഥലം ഉപയോഗിക്കുന്നതിന് അനുമതി ആവശ്യമുള്ള വകുപ്പുകൾ എത്ര സ്ഥലം ആവശ്യമുണ്ടെന്നും എന്ത് ആവശ്യത്തിനാണ് എന്നും കാണിച്ച് വിശദമായ ശുപാർശ തയാറാക്കി ഉടൻ വനം വകുപ്പിന് നൽകിയാൽ മാത്രമേ സംസ്ഥാന സർക്കാരിൽ നിന്നും താത്ക്കാലിക ഉപയോഗ അനുമതി ലഭ്യമാക്കി സ്ഥലം വിട്ടുനൽകുവാൻ കഴിയൂ എന്ന് റാന്നി ഡിഎഫ്ഒ അറിയിച്ചു. വനം വകുപ്പിന്റെ സ്ഥലം സ്ഥിരം ഉപയോഗത്തിന് വിട്ടുനൽകുന്നതിന് വകുപ്പിനോ സംസ്ഥാന സർക്കാരിനോ അധികാരമില്ല. ഇതിന് കേന്ദ്ര സർക്കാരിന്റെ അനുമതി നിർബന്ധമാണ്. പെരിയാർ കടുവ സങ്കേതത്തിന്റെ പരിധിയിലായതിനാൽ വന നിയമങ്ങൾ പൂർണമായും പാലിച്ചുമാത്രമേ വനം വകുപ്പിന് തീരുമാനം എടുക്കാൻ കഴിയൂ. തീർഥാടനം തുടങ്ങുന്നതിന് തൊട്ടുമുമ്പ് സ്ഥലം ആവശ്യമുണ്ടെന്ന് അറിയിച്ചാൽ ഉപയോഗാനുമതി പോലും നൽകാൻ കഴിയാതെ വരും. ഇത് ഒഴിവാക്കുന്നതിന് എല്ലാ വകുപ്പുകളും ഉടൻ തന്നെ ഇത് സംബന്ധിച്ച ശുപാർശകൾ വനം വകുപ്പിന് നൽകണം. പ്ലാപ്പള്ളിയിൽ കെഎസ്ആർടിസിക്ക് അനുവദിച്ചിരുന്ന 70 സെന്റ് സ്ഥലം ഇപ്പോൾ കെഎസ്ആർടിസി ഉപയേഗിക്കുന്നില്ല. ഇത് പോലീസും വനം വകുപ്പുമാണ് കുറെ വർഷങ്ങളായി ഉപയോഗിക്കുന്നത്. ളാഹ മുതൽ പമ്പ വരെയുള്ള പ്രദേശത്ത് 23 പോയിന്റുകൾ ആനകൾ റോഡ് മുറിച്ചു കടക്കുന്നവയാണ്. ഇരുചക്ര, മുച്ചക്രവാഹനങ്ങളിലുള്ള തീർഥാടകരുടെ യാത്ര സുരക്ഷിതത്വം മുൻനിർത്തി നിയന്ത്രിക്കണം. പമ്പയിൽ ദേവസ്വം ബോർഡിന് പാർക്കിംഗിനായി 10 ഏക്കർ സ്ഥലം അനുവദിച്ചിട്ടുണ്ട്. ഇതിന്റെ ലീസ് പുതുക്കേണ്ടതുണ്ട്. സന്നിധാനത്തെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് ശരിയായ രീതിയിൽ പ്രവർത്തിക്കുന്നില്ല. മാലിന്യം പലപ്പോഴും ഓവർഫ്ളോ ചെയ്തും പ്ലാന്റിലെത്താതെയും ഞുണങ്ങാർ വഴി പമ്പയിലെത്തുന്നുണ്ട്. ഇത് ഒഴിവാക്കുന്നതിന് സന്നിധാനത്തെ എല്ലാ സ്ഥലങ്ങളിൽ നിന്നുമുള്ള മാലിന്യങ്ങൾ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ

എത്തുന്നുവെന്ന് ഉറപ്പാക്കണം. ഇതിനായി സ്ഥാപിച്ചിട്ടുള്ള പൈപ്പുകളുടെ നെറ്റ്‌വർക്ക് സീസണിന് മുമ്പ് പരിശോധന നടത്തണം.

എരുമേലി- അഴുതക്കടവ് വഴി പമ്പയിലേക്കുള്ള 21 കിലോമീറ്റർ പരമ്പരാഗത പാതയിൽ രാത്രികാലത്ത് തീർഥാടകരെ കയറ്റി വിടുന്നത് തടയണം. കഴിഞ്ഞ വർഷം വന്യമൃഗ ആക്രമണത്തിൽ ഒരാൾ മരണപ്പെട്ടിരുന്നതായി പെരിയാർ ടൈഗർ റിസർവ് ഡെപ്യൂട്ടി ഡയറക്ടർ പറഞ്ഞു. കഴിഞ്ഞ തീർഥാടന കാലത്ത് ശുചീകരണം കാര്യക്ഷമമായി നടന്നിരുന്നുവെങ്കിലും സീസണിന് ശേഷം ഊർജിത ശുചീകരണം നടക്കാതിരുന്നതുമൂലം പല സ്ഥലങ്ങളിലും മാലിന്യങ്ങൾ കുന്നുകൂടിയിട്ടുണ്ട്. പമ്പയിലെ ഇൻസിനേറ്ററിന് സമീപവും ചെറിയാനവട്ടത്തും ഇത്തരം പ്രശ്നം നിലനിൽക്കുന്നതായും അദ്ദേഹം പറഞ്ഞു. നിലയ്ക്കലിൽ 260 ഏക്കർ സ്ഥലം ദേവസ്വം ബോർഡിന് പാർക്കിംഗിനും മറ്റുമായി വിട്ടനൽകിയിട്ടുണ്ട്. ഇതിൽ 60 ഏക്കർ മാത്രമാണ് ഇപ്പോൾ പാർക്കിംഗിനും മറ്റാവശ്യങ്ങൾക്കും ഉപയോഗിക്കുന്നത്. ബാക്കി 200 ഏക്കർ സ്ഥലം റബർ പ്ലാന്റേഷനാണ്. ഇവിടെ കൂടുതൽ സ്ഥലം താത്ക്കാലികമായി പാർക്കിംഗിനും മറ്റ് ആവശ്യങ്ങൾക്കും നൽകുകയാണെങ്കിൽ പമ്പയിലെ ക്രമാതീതമായ തിരക്ക് നിയന്ത്രിക്കാൻ കഴിയും.

പമ്പ മുതൽ സന്നിധാനം വരെയുള്ള പാതയിൽ മൃഗങ്ങളുടെ സ്വൈരസഞ്ചാരം ഉറപ്പുവരുന്നതിന് ഹൈക്കോടതി വിധി പ്രകാരം ചില പോയിന്റുകളിൽ ബാരിക്കേഡുകൾ പൊളിച്ചുനീക്കിയിട്ടുണ്ട്. സ്ഥിരം ബാരിക്കേഡുകൾക്ക് പകരം സീസണിന് ശേഷം മാറ്റി വയ്ക്കാവുന്നതരം ബാരിക്കേഡുകൾ സ്ഥാപിക്കുന്നതിന് ദേവസ്വം ബോർഡ് വനം വകുപ്പിന് ഫണ്ട് അനുവദിച്ചാൽ സീസണിന് മുമ്പ് ഇത് പൂർത്തിയാക്കാൻ കഴിയും. ഇക്കാര്യത്തിൽ കാലതാമസം ഉണ്ടായാൽ അത് തീർഥാടകരുടെ സുരക്ഷയ്ക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കുമെന്നതിനാൽ ദേവസ്വം ബോർഡിന്റെ ഭാഗത്തുനിന്ന് അടിയന്തര നടപടികൾ ഉണ്ടാണമെന്ന് വനം വകുപ്പ് അറിയിച്ചു.

നിലയ്ക്കലിലെ പാർക്കിംഗ് ഗ്രൗണ്ടിൽ ഇതരസംസ്ഥാനങ്ങളിൽ നിന്നെത്തുന്ന വാഹനങ്ങളുടെ ഡ്രൈവർമാർ വാഹനത്തിന് സമീപം ഗ്യാസ് സിലണ്ടറുകൾ ഉപയോഗിച്ച് പാചകം ചെയ്യുന്നത് അപകടങ്ങൾക്ക് കാരണമാകാമെന്ന് വനം വകുപ്പ് അറിയിച്ചു. 15000ഓളം വാഹനങ്ങളാണ് തിരക്കുള്ള ദിവസങ്ങളിൽ നിലയ്ക്കലിൽ പാർക്ക് ചെയ്യുന്നത്. ഇതിൽ വലിയ വാഹനങ്ങളുടെ ഡ്രൈവർമാർ ഉൾപ്പെടെയുള്ളവർ ആഹാരം പാകം ചെയ്യുന്നത് വാഹനങ്ങൾക്ക് സമീപമാണ്. ഗ്യാസ് സിലിണ്ടറിൽ നിന്ന് ഏതെങ്കിലും ഒരു വാഹനത്തിലേക്ക് തീ പടർന്നാൽ അത് ഒരു വലിയ ദുരന്തത്തിലേക്ക് വഴിതെളിക്കാം. ഇത് ഒഴിവാക്കുന്നതിന് ദേവസ്വം ബോർഡ് നിലയ്ക്കലിലെ പാർക്കിംഗ് ഗ്രൗണ്ടിൽ അവിടെയെത്തു ന്നവർക്ക് ആഹാരം പാകം ചെയ്യുന്നതിനായി നിശ്ചിത സ്ഥലം അനുവദിച്ച് നൽകണം. വാഹനങ്ങളുടെ സമീപം ആഹാരം പാകം ചെയ്യുന്നത് പൂർണമായും ഒഴിവാക്കുന്നതിന് പോലീസ് നടപടികൾ സ്വീകരിക്കണമെന്നും കളക്ടർ നിർദേശം നൽകി.

പമ്പയിൽ നിന്നും സന്നിധാനത്തേക്കുള്ള ട്രാക്ടർ റോഡിന്റെ പണി ഉടൻ പുനരാരംഭിക്കുമെന്ന് ദേവസ്വം ബോർഡ് അധികൃതർ അറിയിച്ചു. പമ്പയിൽ വനം വകുപ്പും ദേവസ്വം ബോർഡുമായുള്ള സംയുക്ത സർവെ നടക്കുന്നതായും ഇത് പൂർത്തിയാകുന്ന തോടെ സ്ഥലം സംബന്ധിച്ച് ദേവസ്വം ബോർഡും വനം വകുപ്പുമായും നിലനിൽക്കുന്ന തർക്കങ്ങൾക്ക് പരിഹാരമാകും. അടുത്ത തീർഥാടന കാലത്തേക്കുള്ള കടകളുടെ ലേലം ജൂലൈ 24,25,26 തീയതികളിൽ നടക്കും. 208 കടകളാണ് ലേലം ചെയ്യുന്നത്. ഇ-ടെൻഡ ർ വഴിയാണ് ലേല നടപടികൾ.

വാട്ടർ അതോറിറ്റി 130 വാട്ടർ കിയോസ്കുകൾ സ്ഥാപിക്കും. 5000 ലിറ്റർ ശേഷിയു ള്ള ആർഒ പ്ലാന്റിൽ നിന്നും ഈ കിയോസ്കുകളിലേക്ക് ജലം എത്തിക്കും. ജലത്തിന്റെ ഗുണനിലവാരം ടെസ്റ്റ് ചെയ്യുന്നതിനായി പമ്പയിൽ ലാബ് പ്രവർത്തിക്കുന്നുണ്ട്.

തീർഥാടന കാലയളവിൽ നിലയ്ക്കൽ മുതൽ സന്നിധാനം വരെയുള്ള ഭാഗങ്ങളിൽ കൈതച്ചക്ക, തണ്ണിമത്തൻ ഇവയുടെ വ്യാപാരം നിരോധിക്കുകയാണെങ്കിൽ വന്യമൃഗ ശല്യവും വൻതോതിലുള്ള മലിനീകരണവും തടയാൻ കഴിയുമെന്ന് യോഗത്തിൽ അഭിപ്രായമുയർന്നു. വാണിജ്യ താത്പര്യങ്ങളാണ് ഇത്തരത്തിലുള്ള ഉത്പന്നങ്ങളുടെ വിപണനത്തിന് കാരണം. പമ്പയിലെയും സന്നിധാനത്തെയും കടകളിൽ നൂഡിൽസ് ഉൾപ്പെടെയുള്ള ചൈനീസ് ഭക്ഷണസാധനങ്ങൾ വരെ വിൽക്കുന്ന സാഹചര്യം ഉണ്ട്. തീർഥാടകരായി എത്തുന്നവർക്ക് ഇത്തരം ഭക്ഷണസാധനങ്ങൾ ആവശ്യമുണ്ടോ എന്ന് പരിശോധിക്കപ്പെടണമെന്നും യോഗത്തിൽ ആവശ്യമുയർന്നു. കൈതച്ചക്ക, തണ്ണിമത്തൻ തുടങ്ങിയവയുടെ വിപണനം നിയന്ത്രിക്കുന്ന കാര്യം പരിശോധിക്കുമെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

ഫയർഫോഴ്സ് സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായി തീർഥാടന കാലത്തിന് മുമ്പ് മോക്ഡ്രിൽ നടത്തണമെന്ന് കളക്ടർ നിർദേശിച്ചു. സിവിൽ സപ്ലൈ വകുപ്പ് സന്നിധാനത്തെയും പമ്പയിലെയും ഗോഡൗണുകളിൽ ഗ്യാസ് സിലിണ്ടറുകളുടെ ശേഖരണത്തിന് ആവശ്യമായ സ്ഥലമുണ്ടെന്നും അതോടൊപ്പം കടകളിൽ ആവശ്യത്തിലധികം ഗ്യാസ് സിലുണ്ടറുകൾ സൂക്ഷിക്കുന്നില്ലാ എന്നും ഉറപ്പുവരുത്തണം. എക്സൈസ് വകുപ്പ് ലഹരി തടയുന്നതിനായി ഒരു സമഗ്ര പദ്ധതി തയാറാക്കണം. മദ്യം, പുകയില എന്നിവയ്ക്ക് പുറമേ മറ്റ് ലഹരിവസ്തുക്കൾ കൂടി ഉൾപ്പെടുത്തിയായിരിക്കണം പദ്ധതി തയാറാക്കേണ്ടത്. പമ്പ, സന്നിധാനം, നിലയ്ക്കൽ എന്നിവിടങ്ങളിൽ ബയോഗ്യാസ് നിർമാണത്തിനായി ഓരോ ബയോറിയാക്ടറുകൾ സ്ഥാപിക്കുകയാണെങ്കിൽ മാലിന്യം ഒഴിവാക്കൻ കഴിയുന്നതോ ടൊപ്പം പ്രകൃതി വാതകത്തിന്റെ ഉപയോഗം കുറയ്ക്കുവാനും കഴിയുമെന്ന് മലിനീകരണ നിയന്ത്രണ ബോർഡ് അറിയിച്ചു. അഖിലഭാരത അയ്യപ്പസേവാ സംഘം 500 വോളന്റിയർമാരെ സന്നദ്ധസേവനത്തിനായി നിയോഗിക്കുകയും ശബരിമല സാനിറ്റേഷൻ സൊസൈറ്റിക്ക് വേണ്ട വിശുദ്ധിസേനാംഗങ്ങളെ റിക്രൂട്ട് ചെയ്ത് നൽകുകയും ചെയ്യും.

തദ്ദേശഭരണ വകുപ്പ് പ്ലാസ്റ്റിക് മാലിന്യങ്ങൾ തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ഭക്ഷണസാധനങ്ങളുടെ വില സിവിൽ സപ്ലൈസ് വകുപ്പ് നിശ്ചയിച്ച് നൽകും. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആൻഡ് ഡിസാസ്റ്റർ മാനേജ്മെന്റിന്റെ നേതൃത്വത്തിൽ പത്തനംതിട്ട മുതൽ സന്നിധാനം വരെ ദുരന്തനിവാരണ യാത്ര നടത്തി അപകട സാധ്യതയുള്ള സ്ഥലങ്ങൾ, മറ്റ് വിവരങ്ങൾ എന്നിവ കണ്ടെത്തി അപകടം ഒഴിവാക്കുന്നതിനുള്ള നിർദേശങ്ങൾ ലഭ്യമാക്കും. ആയുർവേദ, ഹോമിയോ വകുപ്പുകൾ സന്നിധാനത്തും പമ്പയിലും ഡിസ്പെൻസറികൾ പ്രവർത്തിക്കും. ആരോഗ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സന്നിധാനത്തെയും പമ്പയിലെയും ആശുപത്രികളും എമർജൻസി മെഡിക്കൽ സെന്ററുകളും സീസണിന് മുമ്പ് സജ്ജമാക്കും. ജില്ലാ ശുചിത്വമിഷൻ പ്ലാസ്റ്റിക് വിരുദ്ധ ബോധവത്ക്കരണ പരിപാടികൾ നടത്തും. കുടുംബശ്രീ വിവിധ സ്ഥലങ്ങളിൽ പ്ലാസ്റ്റിക് എക്സ്ചേഞ്ച് കൗണ്ടറുകൾ സ്ഥാപിക്കും. മോട്ടോർ വാഹന വകുപ്പ് വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനുള്ള സേഫ്സോൺ പദ്ധതി നടപ്പാക്കും.

വിവിധ വകുപ്പുകൾക്ക് മറ്റ് വകുപ്പുകളിൽ നിന്ന് ലഭിക്കേണ്ട സേവനങ്ങൾ സംബന്ധിച്ച ശുപാർശകൾ അടിയന്തരമായി ബന്ധപ്പെട്ട വകുപ്പുകൾക്കും കളക്ടറേറ്റിലെ ദുരന്തനിവാരണ വിഭാഗത്തിനും നൽകണം. അടിയന്തര പ്രധാന്യമുള്ള വിഷയങ്ങൾ ജില്ലാ കളക്ടറുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് എല്ലാ വകുപ്പുമേധാവികളും ശ്രദ്ധിക്കണമെന്നും കളക്ടർ പറഞ്ഞു. യോഗത്തിൽ പങ്കെടുക്കാതിരുന്ന മേജർ ഇറിഗേഷൻ, മൃഗസംരക്ഷണ വകുപ്പ് മേധാവികളോട് വിശദീകരണം ആരായാനും തീരുമാനിച്ചു.

യോഗത്തിൽ എഡിഎം പി.റ്റി.എബ്രഹാം, തിരുവല്ല ആർഡിഒ ടി.കെ.വിനീത്, പന്തളം നഗരസഭാധ്യക്ഷ ടി.കെ.സതി, പന്തളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി.കെ.തങ്കമ്മ,

ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരായ മിനി ശ്യാം മോഹന്‍, ലതാവിക്രമന്‍, പന്തളം കൊട്ടാരം നിര്‍വാഹക സമിതി അംഗം പി.ജി.ശശികുമാര വര്‍മ, അയ്യപ്പസേവാസംഘം ജനറല്‍ സെക്രട്ടറി വേലായുധന്‍നായര്‍, വിവിധ വകുപ്പ് മേധാവികള്‍, സന്നദ്ധസംഘടനാ പ്രതിനിധികള്‍ തുടങ്ങിയവര്‍ പങ്കെടുത്തു. (പിഎന്‍പി 1703/18)

## ശബരിമലയെ സ്വച്ഛ് ഐക്കോണിക് പ്ലേയ്സായി തെരഞ്ഞെടുത്തു

സ്വച്ഛ് ഭാരത് മിഷന്റെ ഭാഗമായി കേന്ദ്രസര്‍ക്കാര്‍ സ്വച്ഛ് ഐക്കോണിക് പ്ലേയ്സായി ശബരിമലയെ തെരഞ്ഞെടുത്തതായി ജില്ലാ കളക്ടര്‍ പി.ബി.നൂഹ് അറിയിച്ചു. ശബരിമല തീര്‍ഥാടനവുമായി ബന്ധപ്പെട്ട മുന്നൊരുക്കങ്ങള്‍ വിലയിരുത്തുന്നതിന് കളക്ടറേറ്റ് കോണ്‍ഫറന്‍സ് ഹാളില്‍ ചേര്‍ന്ന വിവിധ വകുപ്പ് മേധാവികളുടെ യോഗത്തില്‍ സംസാരിക്കുകയായിരുന്നു കളക്ടര്‍. മൂന്ന് ഘട്ടങ്ങളായി ഇന്‍ഡ്യയിലെ 30 കേന്ദ്രങ്ങളെയാണ് സ്വച്ഛ് ഐക്കോണിക് പ്ലേയ്സുകളായി മാറ്റുന്നത്. ഇതില്‍ 10 കേന്ദ്രങ്ങള്‍ വീതമുള്ള ഒന്നും രണ്ടും ഘട്ടങ്ങള്‍ പൂര്‍ത്തിയായി. മൂന്നാം ഘട്ടത്തില്‍ തെരഞ്ഞെടുത്തിട്ടുള്ള കേരളത്തിലെ ഏക കേന്ദ്രമാണ് ശബരിമല. അന്തര്‍ദേശീയ നിലവാരമുള്ള ശുചിത്വ മാലിന്യസംസ്കരണ സംവിധാനങ്ങള്‍ നടപ്പിലാക്കി ശബരിമലയെ സ്വച്ഛ് ഐക്കോണിക് പ്ലേയ്സാക്കുന്നതിനാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഇതുസംബന്ധിച്ച പ്രാഥമിക യോഗം 25,26 തീയതികളില്‍ ഹൈദരാബാദില്‍ നടന്നു. 100 കോടി രൂപയുടെ പ്രാഥമിക എസ്റ്റിമേറ്റ് തയാറാക്കി ജില്ലാ കളക്ടര്‍ ഹൈദരാബാദില്‍ നടന്ന യോഗത്തില്‍ അവതരിപ്പിക്കുകയും കേന്ദ്ര കുടിവെള്ള ശുചിത്വമന്ത്രാലയത്തിന് കൈമാറുകയും ചെയ്തു. വിശദമായ എസ്റ്റിമേറ്റ് ജൂലൈ രണ്ടിന് കളക്ടറേറ്റില്‍ ചേരുന്ന ബന്ധപ്പെട്ട വകുപ്പ് മേധാവികളുടെ യോഗത്തില്‍ ചര്‍ച്ച ചെയ്ത ശേഷം തയാറാക്കി കേന്ദ്ര സര്‍ക്കാരിന് നല്‍കുമെന്നും കളക്ടര്‍ അറിയിച്ചു.
(പിഎന്‍പി 1704/18)

## ചരിത്രത്തിന്റെ തിരുശേഷിപ്പുകള്‍ കണ്ടെത്തി സാക്ഷരതാ മിഷന്‍

ഒറ്റത്തടിയില്‍ തീര്‍ത്ത കോടികള്‍ വിലമതിക്കുന്ന അനന്തശയന ശില്‍പം മുതല്‍ വിദേശവിപണിയില്‍ ലക്ഷങ്ങള്‍ വിലമതിക്കുന്ന സാളഗ്രാം വരെയുള്ള വിഗ്രഹങ്ങളുടെ അപൂര്‍വ ശേഖരം കണ്ടെത്തി സാക്ഷരതാമിഷന്റെ ചരിത്രരേഖ സര്‍വ്വേ. സംസ്ഥാന പുരാവസ്തു വകുപ്പിന്റെ കൂടി സഹകരണത്തോടെയാണ് ഇരുപത്തിയഞ്ച് വര്‍ഷത്തിന് മുകളിലുള്ള ചരിത്ര വഴികളിലൂടെ സാക്ഷരതാമിഷന്‍ സഞ്ചരിച്ചത്. സാക്ഷരതാ മിഷന് കീഴിലുള്ള തുല്യത പഠന കേന്ദ്രത്തിലെ പഠിതാക്കളാണ് തിരുശേഷിപ്പുകള്‍ തേടിയ അന്വേഷകര്‍.

ചരിത്രകഥകള്‍ ഉറങ്ങുന്ന ജില്ലയുടെ അപൂര്‍വ ചരിത്ര രേഖകളുടേയും ചിത്രങ്ങളുടേയും വസ്തുക്കളുടേയും വിവരങ്ങളാണ് പഠിതാക്കള്‍ പ്രധാനമായും ശേഖരിച്ചത്. ആയിരത്തിലധികം വര്‍ഷങ്ങള്‍ പഴക്കമുള്ള ആയുധങ്ങള്‍, 300ല്‍ അധികം വര്‍ഷം പഴക്കമുള്ള കളിമണ്ണ് പാത്രങ്ങള്‍, ചീനഭരണികള്‍ തുടങ്ങിയവയുടെ വിവരങ്ങളും കേരളീയ വാസ്തുശില്‍പകലയുടെ ചരിത്രം വെളിപ്പെടുത്തുന്ന അപൂര്‍വ ഗ്രന്ഥങ്ങള്‍, മലയാള സാഹിത്യ നിരൂപണങ്ങള്‍, നാല് ഓംകാരം പുസ്തകങ്ങള്‍ എന്നിവയും പഠിതാക്കള്‍ ശേഖരിച്ചു. താളിയോലകളില്‍ എഴുതപ്പെട്ട് സൂക്ഷിച്ച നിരവധി ചരിത്രരേഖകളുടെ വിവരങ്ങളും പഠിതാക്കള്‍ കണ്ടെത്തി. ഇതില്‍ പന്തളം കൊട്ടാരത്തില്‍ നിന്ന് ലഭിച്ച പാലി ഭാഷയില്‍ രചിക്കപ്പെട്ട താളിയോല ഗ്രന്ഥമാണ് ഏറ്റവും ശ്രദ്ധേയം.

കൂട്ടുകുടുംബ വ്യവസ്ഥിതി നിലനിന്നിരുന്ന കാലഘട്ടത്തില്‍ തറവാടുകളില്‍ ഉപയോഗിക്കപ്പെട്ടുകൊണ്ടിരുന്ന അപൂര്‍വ്വയിനം വസ്തുക്കളുടെ വിപുലമായ ശേഖരവും ഇവര്‍ സര്‍വ്വേയിലൂടെ കണ്ടെത്തി. 101 വര്‍ഷം പഴക്കമുള്ള മുറുക്കാന്‍ ചെല്ലം, 100 വര്‍ഷത്തിനുമേല്‍ പഴക്കം ചെന്ന ആമാടപ്പെട്ടി, 160 വര്‍ഷം പഴക്കമുള്ള മെതിയടി, 200 വര്‍ഷം പഴക്കമുള്ള വളവര

യൻപ്പെട്ടി, മൂന്നര നൂറ്റാണ്ട് പഴക്കമുള്ള കോൽത്താഴ്, 250 വർഷം പഴക്കമുള്ള പാലുരുളി, നൂറ്റാണ്ടുകൾ പഴക്കമുള്ള തിരികല്ല്, കുഴികല്ല്, പറ, ചങ്ങഴി, നാഴി എന്നിവയൊക്കെ ഇവയിൽ ചിലത് മാത്രം. രാജാക്കന്മാർ ചൂതാട്ടത്തിന് ഉപയോഗിച്ചിരുന്ന നൂറ്റാണ്ടുകൾ പഴക്കമുള്ള പകിടയും ഇവർ കണ്ടെത്തി.

കൂടാതെ പന്തളം രാജകൊട്ടാരത്തിലെ ഇപ്പോഴത്തെ തലമുറയിലെ മുതിർന്ന തമ്പുരാട്ടിയുമായി പഠിതാക്കൾ ആശയവിനിമയം നടത്തി. ഇതിലൂടെ രാജകൊട്ടാരത്തിലെ ചരിത്രകഥകൾ വായ്മൊഴിയിലൂടെയും വരമൊഴിയിലൂടെയും പഠിതാക്കൾ മനസിലാക്കി. കേരളചരിത്രത്തിന്റെ സാംസ്കാരിക കേന്ദ്രങ്ങളായ ക്ഷേത്രങ്ങളുടെ ചരിത്രശേഷിപ്പുകളും പഠിതാക്കൾ സർവ്വേയിലൂടെ അന്വേഷിച്ചു കണ്ടെത്തി.

ചരിത്രത്തിൽ രേഖപ്പെടുത്താതെ പോയതും ആരും അറിയാതെ പോയതുമായ ചരിത്രശേഷിപ്പുകൾ പുറത്തെത്തിക്കുക, അമൂല്യമായ ചരിത്ര ഏടുകളെ പുതുതലമുറയ്ക്ക് കൈമാറുക എന്ന ലക്ഷ്യത്തോടെ സാക്ഷരതാമിഷന്റെ കീഴിൽ 154 തുല്യതാ പഠിതാക്കളാണ് സർവ്വേയുടെ ഭാഗമായത്. സാക്ഷരതാമിഷൻ ജില്ലാ കോർഡിനേറ്റർ ഡോ. വി.വി മാത്യു, അസിസ്റ്റന്റ് കോർഡിനേറ്റർ ഡോ.പി. മുരുകദാസ്, പ്രേരക്മാരായ ഡി. ശിവദാസ്, ടി.വി വേണുഗോപാൽ തുടങ്ങിയവരാണ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത്.

(പിഎൻപി 1705/18)

## ജില്ലയിലെ സർക്കാർ സ്കൂളുകളിൽ കുട്ടികൾ കൂടി, എയ്ഡഡ്, അൺഎയ്ഡഡ് സ്കൂളുകളിൽ കുറഞ്ഞു

ജില്ലയിലെ സർക്കാർ സ്കൂളുകളിൽ കുട്ടികളുടെ എണ്ണത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് 670 കുട്ടികളുടെ വർധന. 2017-18 അധ്യയന വർഷത്തിൽ സർക്കാർ സ്കൂളുകളിൽ ഒന്നു മുതൽ 10 വരെ ക്ലാസുകളിൽ 20675 കുട്ടികൾ ഉണ്ടായിരുന്നു. ഈ വർഷം അത് 21365 കുട്ടികളായി വർധിച്ചു. എയിഡഡ് സ്കൂളുകളിൽ 2017-18 അധ്യയന വർഷം 56056 കുട്ടികളാണുണ്ടായിരുന്നത്. ഈ വർഷം 55541കുട്ടികളായി കുറഞ്ഞു. അൺഎയിഡഡ് സ്കൂളുകളിൽ കഴിഞ്ഞ വർഷം 9483 കുട്ടികളുണ്ടായിരുന്നത് ഈ വർഷം 8913ആയി കുറഞ്ഞു. ഒന്നാം ക്ലാസിൽ സർക്കാർ സ്കൂളുകളിൽ കൂടുതൽ കുട്ടികൾ പുതുതായി ചേർന്നത് പൂഴിക്കാട് ഗവൺമെന്റ് യുപിഎസിലും കലഞ്ഞൂർ ഗവൺമെന്റ് എൽപിഎസിലുമാണ്. എയ്ഡഡ് സ്കൂളുകളിൽ ഒന്നാം ക്ലാസിൽ കൂടുതൽ കുട്ടികൾ ചേർന്നത് എണ്ണൂറാംവയൽ സിഎംഎസ്എൽപിഎസാണ്. 52 പേർ. ആറാം പ്രവൃത്തിദിനത്തിലെ കണക്കെടുപ്പ് പ്രകാരമുള്ള വിവരങ്ങളാണ് ഇപ്പോൾ ലഭ്യമായിട്ടുള്ളത്.

(പിഎൻപി 1706/18)

## വിദഗ്ദ്ധരുടെ പാന ൽ തയാറാക്കുന്നു

ലൈംഗിക അതിക്രമങ്ങളിൽ നിന്ന് കുട്ടികളെ സംരക്ഷിക്കുന്ന നിയമം 2012 ന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് കുട്ടികൾക്ക് സേവനം നൽകുന്നതിനും കുട്ടികളുടെ പെരുമാറ്റ-വൈകാരിക-പഠന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി സൈക്കോളജിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ്, സ്പെഷ്യൽ എഡ്യുക്കേറ്റർ, ദ്വിഭാഷികൾ(ട്രാൻസിലേറ്റർ), വിവർത്തകർ (ഇന്റർപ്രറ്റേഴ്സ്), കൗൺസിലർമാർ, പഠന-വൈകല്യ പരിഹാര വിദഗ്ദ്ധർ എന്നിവരുടെ പാനൽ തയ്യാറാക്കുന്നതിലേക്കായി അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ ബയോഡേറ്റയും സർട്ടിഫിക്കറ്റുകളും പകർപ്പും സഹിതം ജൂലൈ ഏഴിന് മുൻപായി ജില്ലാ ശിശു സംരക്ഷണ ഓഫീസ് , മിനി സിവിൽസ്റ്റേഷൻ മൂന്നാം നില, ആറന്മുള, കച്ചേരിപ്പടി-689533 എന്ന വിലാസത്തിൽ ലഭ്യമാക്കണം.

(പിഎൻപി 1707/18)

**ഫോട്ടോ അടിക്കുറിപ്പ്**

1) മദ്യ-മയക്കുമരുന്ന് ലഹരിക്കെതിരെ പത്തനംതിട്ട മർത്തോമ ഹയർ സെക്കൻഡറി സ്കൂളിൽ നടന്ന ഫുട്ബോൾ ലഹരി കിക്കോഫ്.
2) ശബരിമല തിർഥാടനവുമായി ബന്ധപ്പെട്ട മുന്നൊരുക്കങ്ങൾ വിലയിരുത്തുന്നതിന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന വിവിധ വകുപ്പ് ഉദ്യോഗസ്ഥരുടെയും സന്നദ്ധ സംഘടനകളുടെയും യോഗത്തിൽ ജില്ലാ കളക്ടർ പി.ബി.നൂഹ് സംസാരിക്കുന്നു.
3) പന്തളം കൊട്ടാരത്തിൽ നിന്ന് ലഭിച്ച പാലി ഭാഷയിൽ രചിക്കപ്പെട്ട താളിയോല ഗ്രന്ഥം

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

(അവസാനിച്ചു)

ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്

# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| ജൂൺ 28<br>JUNE 28 | 2018 |
|---|---|

*1193 മിഥുനം 14 വ്യാഴം*

# പത്രക്കുറിപ്പ്-2

www.prd.kerala.gov.in, diopta1@gmail.com ഫോൺ : 0468-2222657

**പനി: 556 പേർ ചികിത്സ തേടി**

ജില്ലയിൽ പനി ബാധിച്ച് ഇന്നലെ (28) 556 പേർ വിവിധ ആശുപത്രികളിൽ ചികിത്സ തേടി. ഡങ്കിപ്പനി ലക്ഷണങ്ങളോടെ ചികിത്സ തേടിയ ഏഴ് പേരിൽ രണ്ട് പേർക്ക് ഡങ്കിപ്പനി സ്ഥിരീകരിച്ചു. എലിപ്പനി ലക്ഷണങ്ങളോടെ ഇലന്തൂരിൽ ഒരാളും ഹെപ്പിറ്റൈറ്റിസ് ബി ബാധിച്ച് ചെന്നീർക്കര, ചന്ദനപ്പള്ളി എന്നിവിടങ്ങളിൽ ഓരോരുത്തരും ചികിത്സ തേടി. മൂന്ന് പേർക്ക് ചിക്കൻപോക്സും സ്ഥിരീകരിച്ചു. വയറിളക്കരോഗങ്ങൾക്ക് 61 പേർ ചികിത്സ തേടി. പത്തനംതിട്ട മുനിസിപ്പാലിറ്റി, ചന്ദനപ്പള്ളി എന്നിവിടങ്ങളിലാണ് ഡങ്കിപ്പനി സ്ഥിരീകരിച്ചത്.

(പിഎൻപി 1708/18)




(അവസാനിച്ചു)

ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

ജൂൺ 28

JUNE 28

2018

*1193 മിഥുനം 14 വ്യാഴം*

# പത്രക്കുറിപ്പ്-3

www.prd.kerala.gov.in, diopta1@gmail.com ഫോൺ : 0468-2222657

**ആദരവ് 2018: ഗവർണർ ജസ്റ്റിസ് പി.സദാശിവം ഉദ്ഘാടനം ചെയ്യും**

വിവിധ മേഖലകളിലെ പ്രതിഭകളെ ആദരിക്കുന്നതിന് ഇന്ന് (29) രാവിലെ 11ന് പത്തനംതിട്ട സെന്റ് സ്റ്റീഫൻസ് ഓഡിറ്റോറിയത്തിൽ നടക്കുന്ന ആദരവ് 2018 ഗവർണർ ജസ്റ്റിസ് പി.സദാശിവം ഉദ്ഘാടനം ചെയ്യും. പത്മഭൂഷൺ ഡോ.ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പൊലീത്ത, പത്മഭൂഷൺ അടൂർ ഗോപാലകൃഷ്ണൻ, ചലച്ചിത്ര സംവിധായകൻ ബ്ലസി, സിനിമാതാരം കൈലാഷ്, എസ്എസ്എൽസി, പ്ലസ്ടു പരീക്ഷകളിൽ ഉന്നതവിജയം നേടിയ കുട്ടികൾ, സർവകലാശാല റാങ്ക് ജേതാക്കൾ, നൂറ് ശതമാനം വിജയം നേടിയ സ്കൂളുകൾ തുടങ്ങിയവരെയാണ് ആദരിക്കുന്നത്. രാജ്യസഭാ ഉപാധ്യക്ഷൻ പ്രൊഫ.പി.ജെ.കുര്യൻ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ആന്റോ ആന്റണി എംപി, അടൂർ പ്രകാശ് എംഎൽഎ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി, ജില്ലാ കളക്ടർ പി.ബി.നൂഹ്, നഗരസഭാ ചെയർപേഴ്സൺ രജനി പ്രദീപ് തുടങ്ങിയവർ പങ്കെടുക്കും. പരിപാടിയോടനുബന്ധിച്ച് രാവിലെ 10ന് നടക്കുന്ന വിദ്യാഭ്യാസ സെമിനാറിൽ ആഗോളസാഹചര്യങ്ങളിൽ ഇൻഡ്യയിലെ ഉന്നതവിദ്യാഭ്യാസം എന്ന വിഷയത്തിൽ മുൻ യുഎൻ അംബാസഡർ ടി.പി.ശ്രീനിവാസൻ പ്രഭാഷണം നടത്തും.

(പിഎൻപി 1709/18)




(അവസാനിച്ചു)

ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്